**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2097** **05-02-2026 - ൽ മറുപടിയ്ക്ക്**

**പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ; | (എ) | പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br><br>പ്രവാസി മലയാളികളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന നിവേദനങ്ങൾ വിദേശകാര്യ മന്ത്രാലയത്തിന്റെയും അതത് രാജ്യങ്ങളിലെ ഇന്ത്യൻ മിഷനുകളുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് അടിയന്തര നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.<br><br>സംസ്ഥാനത്തിനുള്ളിലെ പ്രവാസികളുടെ പരാതികളിൽ പോലീസ് മേധാവിയുടെ ഇടപെടൽ ആവശ്യമായവ പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ പ്രവർത്തിക്കുന്ന എൻ ആർ ഐ സെല്ലിലേക്ക് കൈമാറുന്നുണ്ട്. കൂടാതെ പ്രവാസികളുടെ വിവിധ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ എല്ലാ ജില്ലകളിലും പ്രവാസികളുടെ പ്രതിനിധികളുൾപ്പെടെയുള്ള ജില്ലാ പ്രവാസി പരാതി പരിഹാര സെൽ പ്രവർത്തിക്കുന്നുണ്ട്. വിദേശ തൊഴിൽ തട്ടിപ്പുമായി ബന്ധപ്പെട്ട് റിക്രൂട്ട്മെന്റ് ഏജൻസിക്ക് എതിരെയുള്ള പരാതികൾ ഓപ്പറേഷൻ ശുഭയാത്ര പ്രകാരം പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സിനും എസ്.പി. എൻ.ആർ.ഐ സെല്ലിനും തുടർ നടപടികൾ സ്വീകരിക്കുന്നതിന് നൽകി വരുന്നു.<br><br>വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിന് നോർക്ക റൂട്ട്സിൽ എൻ ആർ കെ വനിതാ സെൽ, റവന്യൂ- സർവേ വകുപ്പുകളുമായി ബന്ധപ്പെട്ട പ്രവാസികളുടെ അപേക്ഷകളും പരാതികളും നിവേദനങ്ങളും സ്വീകരിക്കുന്നതിനു പ്രവാസി മിത്രം പോർട്ടൽ, പ്രവാസി പുനരധിവാസത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുക, |

| | | | |
|---|---|---|---|
| | | | സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, നോർക്കയുടെ പ്രവർത്തനങ്ങൾക്ക് വികേന്ദ്രീകൃത സ്വഭാവം നൽകുക, പ്രവാസി പങ്കാളിത്തത്തോടെയുള്ള പുനരധിവാസ പദ്ധതികൾ ആസൂത്രണം ചെയ്യുക എന്നീ ലക്ഷ്യത്തോടെ പ്രവാസി മിഷൻ, വിദേശ രാജ്യങ്ങളിൽ പഠിക്കുവാൻ പോകുന്ന വിദ്യാർത്ഥികൾക്കായി ഒരു സമഗ്ര സ്റ്റുഡന്റ് മൈഗ്രേഷൻ പോർട്ടൽ, ലോക മലയാളികൾക്ക് സംവദിക്കാൻ ഒരു ഡിജിറ്റൽ ഇടം എന്ന നിലയിൽ ലോക കേരളം ഓൺലൈൻ പോർട്ടൽ എന്നിവയും ആരംഭിച്ചു. |
| (ബി) | പ്രവാസി മലയാളികൾക്ക് ഇൻഷുറൻസ് പരിരക്ഷ, ബിസിനസ് ലോണുകൾ, മറ്റ് അനവധി സഹായ പദ്ധതികൾ നടപ്പാക്കിയ ഈ സർക്കാർ കൂടുതൽ പദ്ധതികൾ അവരുടെ ക്ഷേമത്തിനായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | പ്രവാസി മലയാളികളുടെ ക്ഷേമത്തെ ലക്ഷ്യമിട്ട് താഴെ പറയുന്ന പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br><br>1. നോർക്ക സേവനങ്ങളെ കുറിച്ചുള്ള അവബോധം നൽകാൻ കണ്ണൂർ, കൊച്ചിൻ എയർപോർട്ടുകളിൽ നോർക്ക ഇൻഫർമേഷൻ ഡസ്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.<br><br>2. എജ്യുക്കേഷൻ കൺസൾട്ടൻസികളെ നിയന്ത്രിക്കുന്നതിനുള്ള ബിൽ: വിദ്യാർത്ഥി കുടിയേറ്റം വർധിക്കുന്നതിലൂടെ എജ്യുക്കേഷൻ കൺസൾട്ടൻസികളും വിദേശ ഭാഷാ സ്ഥാപനങ്ങളും അനധികൃത റിക്രൂട്ട്മെന്റിനുള്ള വേദിയായി മാറുന്നു. ഈ കൺസൾട്ടൻസികളെ നിയന്ത്രിക്കാൻ കേന്ദ്ര നിയമം ഇല്ലാത്തതിനാൽ നിരവധി മലയാളികൾ ചൂഷണത്തിന് വിധേയമാകുന്നു. ഇതിന് പരിഹാരമെന്നോണം എജ്യുക്കേഷൻ കൺസൾട്ടൻസികളെ കാര്യക്ഷമമായി നിയന്ത്രിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് മുഖേന നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു.<br><br>3. നോർക്ക പോലീസ് സ്റ്റേഷൻ: - സംസ്ഥാനത്ത് അനധികൃത റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ്, മനുഷ്യക്കടത്ത് തുടങ്ങിയ കേസുകൾ കൈകാര്യം ചെയ്യാനും സുരക്ഷിത കുടിയേറ്റ രീതികളെക്കുറിച്ച് ബോധവൽക്കരണം നൽകാനുമായി NORKA പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) | പ്രവാസികളുടെ ആവശ്യങ്ങൾ സർക്കാരിന്റെ മുന്നിൽ കൊണ്ടുവരുന്നതിന് നടത്തി വരുന്ന ലോക കേരള സഭയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | പ്രവാസികളുടെ ആവശ്യങ്ങൾ സർക്കാരിന്റെ മുന്നിൽ കൊണ്ടുവരുന്നതിന്, ലോക കേരള സഭയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ശ്രമിക്കുന്നതാണ്. ലോക കേരള സഭയിൽ ഉയരുന്ന ശിപാർശകൾ വിവിധ സർക്കാർ വകുപ്പുകൾ മുഖേനയാണ് നടപ്പിൽ വരുത്തുന്നത്. അതിനാൽ സഭ മുന്നോട്ടുവെക്കുന്ന നിർദ്ദേശങ്ങളിൽ |

| | | | |
|---|---|---|---|
| | | | പ്രായോഗികമായവ സമയബന്ധിതമായി നടപ്പിൽ വരുത്തുന്നതിന് വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഉറപ്പുവരുത്തുന്നതാണ്. ഇതിനായി നിലവിലുള്ള പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനൊപ്പം തന്നെ, വിവിധ വകുപ്പുകളുടെ ഏകോപിത സ്വഭാവം ഉറപ്പാക്കി ലോക കേരള സഭയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ